*പൊതു വിദ്യാഭ്യാസ ഡയറക്റ്ററുടെകാര്യാലയം,*
*ഹയർസെക്കൻററി വിഭാഗം,*
*ഹൗസിങ് ബോർഡ് ബിൽഡിംഗ്,*
*തിരുവനന്തപുരം-1*

നംബർ. **ICT Cell/1771/1/DGE-HSE/2023** **27/06/2023**

# സർക്കുലർ

**വിഷയം : മുഖ്യഘട്ട അവസാന അലോട്ട്മെൻറ് അഡ്മിഷൻ : പ്രിൻസിപ്പൽമാർക്കുള്ള നിർദ്ദേശങ്ങൾ**

**സൂചന :1.) 17/06/2023 ലെ ഇതേ നമ്പർ സർക്കുലർ**

2023-24 അധ്യയന വർഷത്തെ ഹയർ സെക്കൻണ്ടറി പ്രവേശനത്തെ സംബന്ധിച്ചുള്ള വിശദ നിർദ്ദേശങ്ങൾ സൂചന സർക്കുലറിലൂടെ പ്രിൻസിപ്പൽമാർക്ക് നല്കിയിട്ടുള്ളതാണ്.

മെറിറ്റ് ക്വാട്ടയുടെ മുഖ്യഘട്ടത്തിലെ അവസാനത്തേതും മൂന്നാമത്തേതുമായ അലോട്ട്മെൻറ് റിസൾട്ട് 2023 ജൂലൈ 1 ന് രാവിലെ 10 മണി മുതൽ പ്രവേശനം സാധ്യമാകും വിധം പ്രസിദ്ധീകരിക്കുന്നതാണ്. താൽക്കാലിക പ്രവേശനത്തിനുള്ള വിദ്യാർത്ഥികൾക്ക് ഹയർ ഓപ്ഷൻ നിലനിർത്താൻ ഇനി അവസരം ഉണ്ടായിരിക്കുകയില്ല. അതുകൊണ്ട് തന്നെ അലോട്ട്മെൻറ് ലഭിച്ച എല്ലാ വിദ്യാർത്ഥികളും ഫീസടച്ച് സ്ഥിരപ്രവേശനം നേടണം. **പ്രവേശന നടപടികൾ 2023 ജൂലൈ 1 ന് 10 മണിയ്ക്ക് ആരംഭിച്ച് ജൂലൈ 4 ന് വൈകിട്ട് 4 മണിയ്ക്ക് പൂർത്തിയാക്കേണ്ടതാണ്.**

2023-24 അധ്യയന വർഷത്തെ ഹയർസെക്കണ്ടറി ഒന്നാം വർഷ ക്ലാസ്സുകൾ **2023 ജൂലൈ 5 ന്** ആരംഭിക്കുന്നതാണ്.

മെറിറ്റ് ക്വാട്ടയിൽ പുതിയതായോ ഹയർ ഓപ്ഷനിലോ അലോട്ട്മെൻറ് ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് പുതിയ അലോട്ട്മെൻറ് ലെറ്റർ അഡ്മിൻ യൂസറിലെ **"Print Allotment Letter"** എന്ന മെനുവിലൂടെ പ്രിൻറ് എടുത്ത് പ്രവേശന സമയത്ത് നൽകേണ്ടതാണ്. അലോട്ട്മെൻറ് ലെറ്ററിലെ വിവരങ്ങൾ അസൽ രേഖകളുമായി ഒത്തു നോക്കി സാധുത ഉറപ്പാക്കി വേണം പ്രവേശനം നൽകേണ്ടത്.

പ്രവേശന വിവരങ്ങൾ അതത് ദിവസം തന്നെ രേഖപ്പെടുത്തണം. പ്രവേശനവിവരങ്ങൾ അപ്ഡേറ്റ് ചെയ്യുന്നതിനുള്ള ലിങ്കുകൾ **HITC** യൂസറിലാണ് ലഭ്യമാകുന്നത്. **HITC** യാണ് അഡ്മിഷൻ വിവരങ്ങൾ ഓൺലൈനായി അപ്ഡേറ്റ്

ചെയ്യേണ്ടത്. പ്രിൻസിപ്പൽ രേഖാമൂലം നൽകുന്ന പ്രവേശന വിവരങ്ങൾ **HITC** കൃത്യതയോടെ അതത് ദിവസം തന്നെ രേഖപ്പെടുത്തണം. പ്രവേശനവിവരങ്ങളുടെ കൺഫർമേഷൻ ലിങ്കുകൾ അഡ്മിൻ യൂസറിലാണ് ലഭ്യമാക്കിയിട്ടുള്ളത്. **2023 ജൂലൈ 4 ന് വൈകിട്ട് 6 മണിയ്ക്ക് മുൻപായി കൺഫർമേഷൻ പൂർത്തീകരിക്കേണ്ടതാണ്.**

പ്രവേശനം നേടാത്ത വിദ്യാർത്ഥികളുടെ നോൺ ജോയിനിങ്ങ് വിവരങ്ങൾ പ്രവേശനത്തിനായി അനുവദിച്ചിട്ടുള്ള സമയ പരിധിയുടെ അവസാന ദിവസമാണ് രേഖപ്പെടുത്തേണ്ടത്. എന്നാൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ വിവരങ്ങൾ അതത് ദിവസം തന്നെ രേഖപ്പെടുത്തണം. പ്രവേശനം നിരസിക്കുന്ന വിദ്യാർത്ഥികളെ **DENIAL** ആയി രേഖപ്പെടുത്തി നിരസിക്കാനുള്ള കാരണം രേഖപ്പെടുത്തണം.

മുഖ്യ ഘട്ട അലോട്ട്മെൻറുകൾക്ക് ശേഷം ഒഴിവുള്ള സീറ്റുകളിലേക്ക് സപ്ലിമെൻററി അലോട്ട്മെൻറിനായി അപേക്ഷ ക്ഷണിക്കുന്നതാണ്. മുഖ്യ ഘട്ടത്തിൽ അപേക്ഷ നൽകാൻ കഴിയാതിരുന്ന എല്ലാ വിദ്യാർത്ഥികൾക്കും, അപേക്ഷ നൽകിയിട്ടും അലോട്ട്മെൻറ് ലഭിക്കാത്തവർക്ക് വീണ്ടും അലോട്ട്മെൻറിനു പരിഗണിക്കുന്നതിനായി നിലവിലുള്ള അപേക്ഷ പുതുക്കുന്നതിനും വിവിധകാരണങ്ങളാൽ പ്രവേശനം നിരാകരിക്കപ്പെട്ടവർക്കും അപേക്ഷയിലെ തെറ്റുകൾ തിരുത്തി അപേക്ഷ പുതുക്കുന്നതിനും ഈ അവസരത്തിൽ സാധിക്കുന്നതാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**